**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **05-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തിരവും നടത്തിയ പദ്ധതികളുടേയും 2022-23 വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടേയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്തുന്നതിന് വിവിധ കാർഷിക വികസന സമിതികൾ, കേര സമിതികൾ, വാർഡുതല സമിതികൾ, ക്ലസ്റ്ററുകൾ തുടങ്ങിയ പലവിധ സമിതികൾ മുഖേന മോണിറ്ററിംഗ് നടത്തി വരുന്നു. കൃഷി ഭവൻ തലത്തിലുള്ള പുരോഗതി വിലയിരുത്തുന്നതിന് ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും അതാത് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഉണ്ട്. കൂടാതെ ജില്ലാ തലത്തിൽ വിവിധ പദ്ധതികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും അവലോകനം ചെയ്യുന്നുണ്ട്.<br><br>സംസ്ഥാനതലത്തിൽ പദ്ധതി എല്ലാ മാസവും അവലോകനം ചെയ്യുന്നത് കൂടാതെ ജില്ലാ പ്ലാനിംഗ്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത്, വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. AIMS പോർട്ടലിന്റെ സഹായത്തോടെ നവീന രീതിയിൽ പദ്ധതി നടത്തിപ്പിന്റെ വിലയിരുത്തൽ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതി | ചിലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | പച്ചക്കറി കൃഷി വികസന പദ്ധതി<br>പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് പച്ചക്കറി വികസന പരിപാടികൾ നടപ്പിലാക്കിയത്.<br>സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് വിഷമുക്തമായ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സ്കൂളുകൾ, സർക്കാർ - സർക്കാരിതര സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വിഭാഗത്തിൽപ്പെട്ടവരെ പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കുക, പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതി നടത്തിപ്പിലെ ഉദ്ദേശലക്ഷ്യങ്ങൾ. | 3,19,000 |
| 2 | നെൽകൃഷി വികസന പദ്ധതി<br>പ്രകൃത്യാ തന്നെ നെൽകൃഷിയ്ക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനവിന് സാദ്ധ്യതയുള്ളതുമായ കാർഷിക ആവാസ മേഖലയിൽ കേന്ദ്രീകരിച്ച് തരിശുനില കൃഷിയ്ക്കും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി നെൽക്കൃഷി വികസന പരിപാടികൾ നടപ്പിലാക്കി. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും പരിസ്ഥിതി -സൗഹൃദമായ സുസ്ഥിര സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിനു വേണ്ടിയും ലക്ഷ്യമിട്ടുകൊണ്ടിട്ടുള്ളതും സമഗ്ര നൂതന ആശയങ്ങൾ ഉൾക്കൊള്ളിച്ച് നെല്ലുല്പാദനം വർദ്ധിപ്പിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. | 1,17,30,500 |
| 3 | ഒരു കോടി ഫലവൃക്ഷ തൈ വിതരണം<br>സർക്കാർ ഫാമുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന ഫലവൃക്ഷങ്ങളുടെ നടീൽ വസ്തുക്കൾ കൃഷി ഭവൻ വഴി കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. | 5,45,001 |
| 4 | കേരഗ്രാമം<br>സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. നാളികേര ഉല്പാദന വർദ്ധനവും കർഷകന്റെ വരുമാന വർദ്ധനവും ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നു. | 50,39,050 |

| | | |
|---|---|---|
| 5 | ഓർഗാനിക് ഫാമിംഗ്<br>സംസ്ഥാനത്ത് ജൈവകൃഷിയിലൂടെ സുരക്ഷിതമായ ഭക്ഷ്യോത്പാദനത്തിനായുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടത്തുന്നു. ജൈവസർട്ടിഫിക്കേഷനായുള്ള സഹായം, ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം, പച്ചില വളപ്രയോഗം എന്നിവയിലൂടെ സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യോത്പ്പാദനം സാദ്ധ്യമാക്കുന്നു. | 40,000 |
| 6 | മണ്ണ് ആരോഗ്യ പരിപാലന പദ്ധതി<br>കേരളത്തിലെ മണ്ണ് സമ്പത്തിലുണ്ടായ പോഷകമൂലകങ്ങളുടെ കുറവ് പരിഗണിച്ചുകൊണ്ട് കാർഷികവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മണ്ണിന്റെ ആരോഗ്യം ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.<br>സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രോഡക്ടിവിറ്റി പദ്ധതിയിൽ വിവിധ മേഖലകളിൽ നിന്ന് ശേഖരിക്കുന്ന മണ്ണ് സാമ്പിളുകൾ ശാസ്ത്രീയമായി അപഗ്രഥിച്ച് സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെയുള്ള സസ്യപോഷണത്തെക്കുറിച്ച് സോയിൽ ഹെൽത്ത് കാർഡ് കൊടുക്കുകയും ആ കാർഡിലെ നിർദ്ദേശങ്ങളനുസരിച്ച് കൃഷിക്കാർക്ക് മാതൃകാ തോട്ടങ്ങളും പരിശീലനങ്ങളും നല്കുകയും ചെയ്യുന്നു. | 28,05,850 |
| 7 | സുഗന്ധവ്യഞ്ജന പദ്ധതി<br>കുരുമുളക് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായുള്ള വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ, കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം, പുതിയ കുരുമുളക് തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക, ഇഞ്ചി / മഞ്ഞൾ, ജാതി / ഗ്രാമ്പൂ കൃഷിയുടെ വ്യാപനം എന്നിവയാണ് ഈ പദ്ധതിപ്രകാരം നടപ്പിലാക്കിയത്. | 2,96,000 |
| 8 | കിഴങ്ങുവർഗ്ഗ വികസന പദ്ധതി<br>കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി വ്യാപിക്കുന്നതിനായി രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണിത്. | 1,10,000 |
| 9 | ഭാരതീയ പ്രകൃതി കൃഷി പദ്ധതി<br>ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കേന്ദ്ര കേരള സർക്കാർ സംയുക്ത പദ്ധതിയാണിത്. ചങ്ങനാശ്ശേരി നിയമസഭാ മണ്ഡലത്തിൽ 500 ഏക്കർ ഉൾക്കൊള്ളുന്ന ഒരു ക്ലസ്റ്ററിൽ ഈ പദ്ധതി നടപ്പിലാക്കി. | 10,36,167 |

| | | |
|---|---|---|
| 10 | <u>വിള ആരോഗ്യ പരിപാലന പദ്ധതി</u><br>സുസ്ഥിര കാർഷിക വികസനത്തിന് വിള ആരോഗ്യ പരിപാലനം ഒരു സുപ്രധാന ഘടകമാണ്. സംയോജിത കീടരോഗ പരിപാലനം മെച്ചപ്പെട്ട വിള ആരോഗ്യപരിപാലനത്തിന് സഹായിക്കും. വിളകളെ ബാധിക്കുന്ന കീടരോഗ ബാധ സസ്യപോഷണത്തിന് ആവശ്യമായ മൂലകങ്ങളുടെ ഏറ്റക്കുറച്ചിൽ മൂലം വിളകൾക്കുണ്ടാകുന്ന ദോഷങ്ങൾ എന്നിവ ഫീൽഡ്തല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിനാവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം. | 3,50,740 |
| 11 | <u>അഗ്രോ സർവ്വീസ് സെന്റർ</u><br>അഗ്രോ സർവ്വീസ് സെന്റർ പദ്ധതിയിൽ കാർഷിക മേഖല നേരിടുന്ന മുഖ്യപ്രശ്നമായ കർഷക തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് തദ്ദേശീയരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് തൊഴിൽ സേനകൾ രൂപീകരിച്ച് കർഷർക്കാവശ്യമായ കൃഷിപ്പണികൾ ചെയ്തുകൊടുക്കുന്നു. | 3,17,716 |
| 12 | <u>കാർഷിക വിജ്ഞാന വ്യാപനം</u><br>കാർഷിക വികസനം ഫലപ്രദമാകുന്നത് കർഷകർ സ്വീകരിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിച്ചായിരിക്കും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായം അത്യന്താപേക്ഷിതമാണ്. ഈ പദ്ധതിയിൽ പഞ്ചായത്ത്തലത്തിലും ജില്ലാതലത്തിലും കാർഷിക വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. | 98,000 |
| 13 | <u>ചെറുകിട നാമമാത്ര കർഷകർക്കുള്ള കാർഷികാവശ്യ-ത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി</u><br>കാർഷിക ആവശ്യങ്ങൾക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി വിവിധ പാടശേഖര സമിതികൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. | 4,15,675 |
| 14 | <u>ആത്മ പദ്ധതി</u><br>സുസ്ഥിരമായ കാർഷിക വികസനം ലക്ഷ്യമാക്കി കാർഷിക മേഖലയിലെ പ്രാദേശിക പ്രശ്നങ്ങൾക്ക് മുൻഗണന നൽകി ഉല്പാദന വർദ്ധനവ് അടിസ്ഥാനമാക്കി പദ്ധതികൾ ഏറ്റെടുക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പകർന്ന് നൽകുന്നതിനുമായാണ് ആത്മ പദ്ധതികൾ നടപ്പിലാക്കുന്നത്. ഡെമോൺസ്ട്രേഷനുകൾ, കൃഷിയിട വിദ്യാലയം പ്രതിമാസ കർഷക ഉപദേശക ബുള്ളറ്റിനുകൾ കാർഷിക കർമ്മസേനയുടെ രൂപീകരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. | 1,25,000 |

| | | |
|---|---|---|
| 15 | രാഷ്ട്രീയ കൃഷി വികാസ് യോജന (തരിശ്ശ് ഭൂമി)<br>കൃഷിയ്ക്ക് അനുയോജ്യമായ തരിശ്ശുഭൂമി കണ്ടെത്തി പ്രസ്തുത ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിനായുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. | 8,30,590 |
| 16 | ഞങ്ങളും കൃഷിയിലേക്ക്<br>കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക, കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിൽ അവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിക്കുക, കേരളത്തിലെ ഓരോ ഭവനവും വിഷരഹിത ഭക്ഷണ ഉത്പാദനത്തിൽ പങ്കാളിയാകുക, പരിസ്ഥിതിയെയും തനതായ കാർഷിക വിഭവങ്ങളെയും സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. | 13,266 |
| **ആകെ** | | **2,40,72,555** |

## II. വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ

### 1) സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ

| ക്രമ നം. | പദ്ധതി | തുക (രൂപ) |
|---|---|---|
| 1 | വാഴകൃഷി വികസനം | 78,750 |
| 2 | ഡ്രാഗൺ ഫ്രൂട്ട് കൃഷി വികസനം | 71,400 |
| 3 | ടിഷ്യുകൾച്ചർ വാഴ കൃഷി വികസനം | 37,500 |
| 4 | പ്ലാവ് കൃഷി വികസനം | 9,000 |
| 5 | രണ്ടാം വർഷ പ്ലാവ് കൃഷി വികസനം | 2,625 |
| 6 | റംബുട്ടാൻ കൃഷി വികസനം | 18,090 |
| 7 | പാഷൻഫ്രൂട്ട് കൃഷി വികസനം | 9,000 |
| 8 | സങ്കരയിനം പച്ചക്കറി കൃഷി വികസനം | 8,000 |
| 9 | കൊക്കോ കൃഷി വികസനം | 12,000 |
| 10 | മഴമറ കൃഷി വികസനം | 35,500 |
| 11 | പവർടില്ലർ | 50,000 |
| 12 | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് | 50,000 |
| 13 | ഫാം മെക്കനൈസേഷൻ | 93,465 |

| | | |
|---|---|---|
| 14 | മൂല്യവർദ്ധിത യൂണിറ്റ് | 1,00,000 |
| 15 | മൊബൈൽ വെൻഡിംഗ് കാർട്ട് | 15,000 |
| 16 | പാക്ക് ഹൗസ് | 2,00,000 |
| 17 | മാവ് കൃഷി വികസനം | 18,000 |
| **ആകെ** | | **8,08,330** |

## 2) രാഷ്ട്രീയ കൃഷി വികാസ് യോജന

| ക്രമ നം. | പദ്ധതി | തുക (രൂപ) |
|---|---|---|
| 1 | ചെറുകിട കൂൺ ഉത്പാദന യൂണിറ്റ് | 67,500 |
| 2 | വാഴ കൃഷി വികസനം | 3,97,425 |
| 3 | കൈത കൃഷി വികസനം | 78,750 |
| 4 | പച്ചക്കറി കൃഷി (Pandhal) | 20,000 |
| 5 | പച്ചക്കറി കൃഷി (Non Pandhal) | 75,000 |
| 6 | കൂൺ വിത്ത് ഉത്പാദന യൂണിറ്റ് | 2,00,000 |
| 7 | കൂൺ മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് | 1,00,000 |
| **ആകെ** | | **9,38,675** |

## 3) ജനകീയാസൂത്രണ പദ്ധതികൾ

| ക്രമ നം. | പദ്ധതി | തുക (രൂപ) |
|---|---|---|
| 1 | പാടശേഖരങ്ങൾക്ക് നെൽവിത്ത് സബ്സിഡി | 63,90,000 |
| 2 | പച്ചക്കറി കൃഷിക്ക് കൂലിചിലവ് | 32,500 |
| 3 | ഏത്തവാഴ കൃഷിക്കുള്ള ജൈവവളത്തിനും സബ്സിഡി | 8,49,350 |
| 4 | കിഴങ്ങുവർഗ്ഗ വിളകൾക്കുള്ള വിത്തുവിതരണം | 6,62,000 |
| 5 | ഫല വൃക്ഷതൈ വിതരണം | 8,700 |
| 6 | പച്ചക്കറി കൃഷി വികസന പദ്ധതി | 5,62,000 |
| 7 | കൃഷി ആഫീസ് വാടക | 2,00,000 |
| 8 | ജൈവ കൃഷി പദ്ധതി | 4,95,000 |

| | | |
|---|---|---|
| 9 | ഹരിത ഭവനം | 1,50,000 |
| 10 | തെങ്ങ് കൃഷി വികസനം | 5,56,555 |
| 11 | കുരുമുളക് വികസന പദ്ധതി | 4,00,000 |
| 12 | ഗ്രൂപ്പ് പച്ചക്കറി കൃഷി | 8,16,370 |
| 13 | ജാതി കൃഷി പദ്ധതി | 1,00,000 |
| 14 | ഇടവിള കൃഷി വികസനം | 2,10,000 |
| 15 | നെൽകൃഷി വികസനം – നെൽ വിത്ത് വിതരണം | 46,20,000 |
| 16 | SC / ST കർഷകരുടെ സമഗ്ര വികസനം | 2,00,000 |
| 17 | തേനീച്ച കൃഷി | 1,03,520 |
| 18 | സുഭിക്ഷകേരളം തരിശ് നെൽകൃഷിക്ക് സഹായം | 5,20,000 |
| 19 | സുഭിക്ഷകേരളം വാഴവിത്തും വളവും വിതരണം | 2,35,000 |
| 20 | സുഭിക്ഷകേരളം – കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം | 1,00,000 |
| 21 | സുഭിക്ഷകേരളം – കുറ്റിക്കുരുമുളക് തൈ വിതരണം | 2,00,000 |
| 22 | സുഭിക്ഷകേരളം – പച്ചക്കറി തൈ വിതരണം | 1,00,000 |
| 23 | സുഭിക്ഷകേരളം – ഫലവൃക്ഷ തൈ വിതരണം | 2,03,875 |
| **ആകെ** | | **1,77,14,870** |

2022–23 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തിരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നടപ്പ് സാമ്പത്തിക വർഷം കൃഷി വകുപ്പ് പദ്ധതികൾക്ക് ഭരണാനുമതി നൽകി. ആയത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| **ക്രമ നം.** | **പദ്ധതികൾ** |
|---|---|
| 1 | പച്ചക്കറി വികസന പദ്ധതി |
| 2 | നെൽ കൃഷി വികസന പദ്ധതി |
| 3 | ഒരു കോടി ഫലവൃക്ഷ തൈ വിതരണം |
| 4 | നാളികേര വികസന പദ്ധതി |
| 5 | ഓർഗാനിക് ഫാമിംഗ് |
| 6 | മണ്ണ് ആരോഗ്യ പരിപാലന പദ്ധതി |
| 7 | സുഗന്ധവ്യഞ്ജന പദ്ധതി |

| | |
|---|---|
| 8 | കിഴങ്ങു വർഗ്ഗ വികസന പദ്ധതി |
| 9 | ഭാരതീയ പ്രകൃതികൃഷി പദ്ധതി |
| 10 | വിള ആരോഗ്യ പരിപാലന പദ്ധതി |
| 11 | അഗ്രോ സർവ്വീസ് സെന്റർ |
| 12 | കാർഷിക വിജ്ഞാന വ്യാപനം |
| 13 | ഞങ്ങളും കൃഷിയിലേക്ക് |
| 14 | ഓഫീസ് ഓട്ടോമേഷൻ |
| 15 | ക്വാളിറ്റി കൺട്രോൾ |
| 16 | ചെറുകിട നാമമാത്ര കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി |
| 17 | ആത്മ പദ്ധതികൾ |
| 18 | രാഷ്ട്രീയ കൃഷി വികാസ് യോജന |
| 19 | കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതികൾ |
| 20 | വിവിധ മാർക്കറ്റിംഗ് പദ്ധതികൾ |
| | **സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ** |
| 1 | വാഴക്കൃഷി വികസനം |
| 2 | ഡ്രാഗൺ  ഫ്രൂട്ട് കൃഷി വികസനം |
| 3 | പപ്പായ കൃഷി വികസനം |
| 4 | റംബൂട്ടാൻ കൃഷി വികസനം |
| 5 | പാഷൻ ഫ്രൂട്ട് കൃഷി വികസനം |
| 6 | സങ്കരയിനം പച്ചക്കറി കൃഷി വികസനം |
| 7 | കുരുമുളക് കൃഷി വികസനം |
| 8 | കുരുമുളക് കൃഷി പുനരുദ്ധാരണം |
| 9 | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് |
| 10 | ഫാം മെക്കനൈസേഷൻ |
| | **ജനകീയാസൂത്രണം** |
| 1 | വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് |
| 2 | പച്ചക്കറി കൃഷി വികസനം |
| 3 | കുരുമുളക് കൃഷി വികസനം |

| | |
|---|---|
| 4 | തെങ്ങ് കൃഷി വികസനം |
| 5 | നെൽകൃഷി വികസനം |

**സെക്ഷൻ ഓഫീസർ**